(ഡി) പ്രസ്തുത അടവുകൾ ജീവനക്കാരുടെ അക്കൗണ്ടിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ട സംവിധാനം പൂർണ്ണമായും ഐ.കെ.എം.-ൽ നിക്ഷിപ്തമാണ്. സോഫ്റ്റ്വെയറിലെ അപാകതകൾ പരിഹരിക്കേണ്ടത് ഐ.കെ.എം.-ൽ ആയതിനാൽ ആയത് എത്രയും വേഗം പരിഹരിച്ചുനൽകുന്നതിന് പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അപാകതകൾ പരിഹരിച്ചാലുടൻ തന്നെ തുക ക്രെഡിറ്റ് ചെയ്യുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) പഴയ രീതിയിൽ തുക ക്രെഡിറ്റ് ചെയ്യാൻ നിർവ്വാഹമില്ല.

ആശ്രയ പദ്ധതി

252 (1630) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 'ആശ്രയ' പദ്ധതി പ്രകാരം ഓരോ വർഷവും എത്ര വീടുകൾ നിർമ്മിച്ചു നൽകാൻ സാധിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഈ ഓരോ വർഷവും പദ്ധതിയുടെ നടത്തിപ്പ് ഏജൻസികൾക്ക് എന്ത് തുക വീതം അനുവദിച്ചു എന്നറിയിക്കാമോ;

(സി) ഇവയിൽ ഓരോ വർഷവും എന്ത് തുക വീതം ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പൊതുശൗചാലയങ്ങൾ

253 (1631) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്തുകളിൽ നിർമ്മിച്ച പൊതു ശൗചാലയങ്ങളുടെ കണക്ക് ലഭ്യമാണോ; വെളിപ്പെടുത്തുമോ;

(ബി) പൊതുജനങ്ങൾക്ക് അടിസ്ഥാന ആവശ്യം സൗജന്യമായി നിർവ്വഹിക്കുന്നതിന് പാതയോരങ്ങളിൽ ഇവ നിർമ്മിച്ച് നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെങ്കിലും പൊതു ശൗചാലയങ്ങൾ ആവശ്യാനുസരണം നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകളിൽ ആകെ 312 പൊതു ശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)/അർബൻ സ്കീമിൽ പൊതു ശൗചാലയങ്ങൾ നിർമ്മിച്ച് നൽകിവരുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ ആധുനിക ശ്മശാനം

254 (1632) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ലെക്കിടി പേരൂർ, പൂക്കോട്ടുകാവ്, അമ്പലപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി ആധുനിക ശ്മശാനം എവിടെയാണ് നിർമ്മിക്കുന്നത്;

(ബി) എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയത്;

(സി) ശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലികസ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ്

255 (1633) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിങ് ജീവനക്കാരുടെ കുറവ് നികത്താനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും എല്ലാംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക്